**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2931** **14-09-2023 - ൽ മറുപടിയ്ക്ക്**

**താനൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 10.09.2018 മുതൽ 20.02.2020 വരെ താനൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചിരുന്ന മുഹമ്മദ് ഹനീഫ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാടക കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | താനൂർ സബ് രജിസ്ട്രാർ ഓഫീസ് 10/09/2018 മുതൽ 20/02/2020 വരെ കാലയളവിൽ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും 17/05/2023 ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ ലഭ്യമായ റെന്റ് സർട്ടിഫിക്കറ്റിൽ ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ, അത് പരിഹരിച്ച് Appendix IV പ്രൊഫോർമയിൽ റെന്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ 24/06/2023 ന് ജില്ലാ രജിസ്ട്രാർ (ജനറൽ) ക്ക് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിർദ്ദേശം നൽകുകയുണ്ടായി. അതനുസരിച്ച്, ജില്ലാ രജിസ്ട്രാർ, PWD ക്ക് കത്ത് നൽകുകയും, മലപ്പുറം Assistant Executive Engineer ന്റെ ഓഫീസിൽ നേരിട്ട് ഹാജരായി വിഷയം ബോധ്യപ്പെടുത്തുകയും ചെയ്തു. ടി സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ റെന്റ് സർട്ടിഫിക്കറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ; ആയത് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ; പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസ് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | (എ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത വാടക കുടിശിക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നുമുള്ള റെന്റ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് താനൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ